# ONATTUKARA COCONUT PRODUCER COMPANY LTD.

CIN: U01133KL2015PTC037897

AN ISO 9001:2015 22000:2018 Certified Company

VETTICODE, PALLICKAL P.O, KATTANAM, ALAPPUZHA, KERALA. PIN 690 503

web: onattukaracpc.com, email: onattukaracpc@gmail.com Ph : 0479 2339911



## ഓണാട്ടുകര കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ്

സിഐഎൻ: U01133KL2015PTC037897

8/82 എ ബി സി, വെട്ടിക്കോട്, പള്ളിക്കൽ,കറ്റാനം, ആലപ്പുഴ -690503 , കേരളം, ഇന്ത്യ

ഇ മെയിൽ : onattukaracpc@gmail.com, ഫോൺ: 0479-2339911


**കമ്പനിയുടെ ഏഴാമത് വാർഷിക പൊതുയോഗം അംഗങ്ങളുടെ നേരിട്ടുള്ള സാന്നിധ്യമില്ലാതെ വീഡിയോ കോൺഫെറൻസിങ്ങിൽ കൂടി നടത്തുന്നത് സംബന്ധിച്ച് ഉള്ള അറിയിപ്പ് .**

ഓണാട്ടുകര കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡിന്റെ ഏഴാമത് വാർഷിക പൊതുയോഗം 2021 ഓഗസ്റ്റ് 11 ബുധനാഴ്ച രാവിലെ 11.00 മണിക്ക് അംഗങ്ങളുടെ നേരിട്ടുള്ള സാന്നിധ്യമില്ലാതെ വീഡിയോ കോൺഫെറൻസിങ്ങിൽ കൂടി ചേരുന്നതാണെന്നു ഇതിനാൽ അറിയിച്ചു കൊള്ളുന്നു. കമ്പനീസ് ആക്റ്റ്, 2013 ലെ സെക്ഷൻ 108 ലെ വ്യവസ്ഥകൾ അനുസരിച്ചും, കമ്പനികളുടെ (മാനേജ്മെന്റ്, അഡ്മിനിസ്ട്രേഷൻ) ചട്ടങ്ങൾ, 2014 ലെ റൂൾ 20 യും നിലവിലുള്ള ഭേദഗതി പ്രകാരവും, കമ്പനി അംഗങ്ങൾക്ക് അവരുടെ വോട്ടിംഗ് അവകാശം വിനിയോഗിക്കാനുള്ള സൗകര്യം മിനിസ്ട്രി ഓഫ് കോർപ്പറേറ്റ് അഫയേർസ് (MCA) നൽകിയ സർക്കുലറുകൾക്ക് (ന. 02/2021, 20/2020, 14/2020 & 17/2020) അനുസൃതമായി നൽകുന്നു. ഇ-വോട്ടിംഗ് സൗകര്യം നൽകുന്നതിനായി സെൻട്രൽ ഡിപോസിറ്ററി സർവീസസ് (ഇന്ത്യ) ലിമിറ്റഡിന്റെ ("CDSL" ) സേവനങ്ങൾ കമ്പനി ഏർപ്പെടുത്തിയിട്ടുണ്ട്.

മേല്പറഞ്ഞ സെർക്യൂലറുകൾ അനുസരിച്ചു 2020-21 സാമ്പത്തിക വർഷത്തിലെ പൊതുയോഗ നോട്ടീസും വാർഷിക റിപ്പോർട്ടും, അംഗങ്ങൾക്ക് ഇമെയിൽ (കമ്പനിയിൽ ഇമെയിൽ രജിസ്റ്റർ ചെയ്തവർക്) അയക്കുന്നതാണ്. കൂടാതെ മേല്പറഞ്ഞ പൊതുയോഗ നോട്ടീസും വാർഷിക റിപ്പോർട്ടും കമ്പനിയുടെ വെബ്സൈറ്റിലും (www.onattukaracpc.com) CDSL വെബ്സൈറ്റിലും (www.evotingindia.com) ലഭ്യവുമാണ്. കമ്പനിയുടെ വാർഷിക പൊതുയോഗത്തിൽ ('മീറ്റിംഗ്') പാസാക്കാൻ ഉദ്ദേശിക്കുന്ന

പ്രമേയങ്ങളെക്കുറിച്ചുള്ള വോട്ടെടുപ്പ് ('വിദൂര ഇ-വോട്ടിംഗ്') ഇലക്ട്രോണിക് വോട്ടിംഗ് സംവിധാനം ഉപയോഗിച്ച് അംഗങ്ങൾക്ക് വോട്ട് രേഖപ്പെടുത്താവുന്നതാണ്.

ONATTUKARA COCONUT PRODUCER COMPANY LTD.
CIN: U01133KL2015PTC037897
AN ISO 9001:2015 22000:2018 Certified Company
VETTICODE, PALLICKAL P.O, KATTANAM, ALAPPUZHA, KERALA. PIN 690 503
web: onattukaracpc.com, email: onattukaracpc@gmail.com Ph : 0479 2339911

**അംഗങ്ങൾ ഇ-വോട്ടിംഗ് ചെയ്യേണ്ടുന്ന വിധം**

അംഗങ്ങൾക്ക് ഇ-വോട്ടിംഗ്, വിദൂര ഇ-വോട്ടിംഗ് വഴിയോ പൊതുയോഗത്തിന്റെ അന്നോ ചെയ്യാവുന്നതാണ്. വിദൂര ഇ-വോട്ടിംഗ് സൗകര്യം 2021 ഓഗസ്റ്റ് 08 ന് രാവിലെ 9.00 മുതൽ (IST) ആരംഭിച്ച് 2021 ഓഗസ്റ്റ് 10 ന് വൈകുന്നേരം 5.00 ന് അവസാനിക്കും. (IST). പറഞ്ഞ തീയതിക്കും സമയത്തിനും അപ്പുറം വിദൂര ഇ-വോട്ടിംഗ് അനുവദിക്കില്ല. 2021 ഓഗസ്റ്റ് 05, കട്ട്-ഓഫ് തീയതിക്കുള്ളിൽ അംഗങ്ങളുടെ രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ള ഒരു വ്യക്തിക്ക് മാത്രമേ വിദൂര ഇ-വോട്ടിംഗിനും പൊതുയോഗത്തിൽ ഇ-വോട്ടിംഗിനും സൗകര്യം ലഭിക്കാൻ അവകാശമുള്ളൂ. നോട്ടീസ് അയച്ചു കഴിഞ്ഞു, എന്നാൽ കട്ട് ഓഫ് ദിവസത്തിന് മുൻപ് അംഗമായവർക് യൂസർഐഡിയും പാസ്വേഡും ലഭിക്കുന്നതിനു mail@onattukaracpc.com എന്ന കമ്പനി ഇമെയിൽ അഡ്രസ്സിൽ അപേക്ഷ നൽകാവുന്നതാണ്.

വാർഷിക പൊതുയോഗം വിളിക്കുന്ന നോട്ടീസിന്റെ പകർപ്പിനൊപ്പം ഇ-വോട്ടിംഗ് യൂസർ ഐഡിയും പാസ്‌വേഡും ലഭിക്കുന്നതിനു വേണ്ട വിവരങ്ങളും വിദൂര ഇ-വോട്ടിംഗുമായി ബന്ധപ്പെട്ട വിവരങ്ങളും അംഗങ്ങളുടെ രജിസ്റ്റർ ചെയ്ത ഇമെയിൽ അഡ്രസിലും, കമ്പനിയുടെ വെബ്സൈറ്റിലും (www.onattukaracpc.com) CDSLന്റെ വെബ് സൈറ്റിലും (www.evotingindia.com) ലഭ്യമാക്കിയിട്ടുണ്ട്

ONATTUKARA COCONUT PRODUCER COMPANY LTD.
CIN: U01133KL2015PTC037897
AN ISO 9001:2015 22000:2018 Certified Company
VETTICODE, PALLICKAL P.O, KATTANAM, ALAPPUZHA, KERALA. PIN 690 503
web: onattukaracpc.com, email: onattukaracpc@gmail.com Ph : 0479 2339911

**ഇമെയിൽ വിലാസങ്ങൾ രജിസ്റ്റർ ചെയ്യാത്ത അംഗങ്ങൾക്ക് ഇ-വോട്ടിംഗിനായുള്ള ലോഗിൻ കൂടാതെ പാസ്സ്‌വേഡ് ലഭിക്കുന്നതിന്റെ നടപടിക്രമങ്ങൾ:**

കമ്പനിയിൽ സ്വന്തം ഇമെയിൽ രജിസ്റ്റർ ചെയ്യാത്ത അംഗങ്ങൾ ദയവായി അവരവരുടെ ഇമെയിൽ കമ്പനിയിൽ onattukaracpc@gmail.com എന്ന ഇമെയിൽ വിലാസത്തിൽ 05/08/2021 നു മുൻപ് ഷെയർഹോൾഡറുടെ പേര്, മൊബൈൽ നമ്പർ, ഷെയർ സർട്ടിഫിക്കറ്റിന്റെ സ്കാൻ ചെയ്ത പകർപ്പ് (മുൻ വശവും പിൻ വശവും), പാൻ (പാൻ കാർഡിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ സ്കാൻ ചെയ്ത പകർപ്പ്), ഡ്രൈവിംഗ് ലൈസൻസ്/ആധാർ/വോട്ടിംഗ് ഐഡി/പാസ്പോർട്ട് (സ്വയം സാക്ഷ്യപ്പെടുത്തിയ സ്കാൻ ചെയ്ത പകർപ്പ്) എന്നിവ അടക്കം അയയ്ക്കുക. വിദൂര ഇ-വോട്ടിംഗ് വഴി വോട്ട് രേഖപ്പെടുത്തിയ അംഗങ്ങൾക്ക് യോഗത്തിൽ പങ്കെടുക്കാം, പക്ഷേ വീണ്ടും വോട്ട് രേഖപ്പെടുത്താൻ അർഹതയില്ല. ഇലക്ട്രോണിക് മാർഗത്തിലൂടെയുള്ള വോട്ടിംഗുമായി ബന്ധപ്പെട്ട എന്തെങ്കിലും ചോദ്യങ്ങൾ / പരാതികൾ ഉണ്ടെങ്കിൽ, അംഗങ്ങൾക്ക് www.evotingindia.com എന്ന വെബ്സൈറ്റിൽ കൊടുത്തിട്ടുള്ള FAQ, ഇ- വോട്ടിംഗ് മാന്വൽ എന്നിവ പരിശോധിക്കാവുന്നതാണ്. ഇത് കൂടാതെ സംശയങ്ങൾ helpdesk.evoting@cdslindia.com എന്ന വിലാസത്തിലേക്ക് ഇമെയിൽ ചെയ്യാവുന്നതോ അല്ലെങ്കിൽ നിതിൻ കുന്ദർ (022- 23058738), മെഹ്ബൂബ് ലഖാനി (022-23058543), രാകേഷ് ദാൽവി (022-23058542) എന്നിവരെ ബന്ധപ്പെടാവുന്നതുമാണ്.

ബോർഡിന്റെ ആജ്ഞപ്രകാരം

Sd/-
രമണി ഗോപാലകൃഷ്ണൻ
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

Dr. Remany Gopalakrishnan
CEO
Onattukara Coconut Produucer Company to
Vetticode, Kattanam,
Pallickal P.O. Pin: 690503, Alappuzha (Dist)

തീയതി : 20/07/2021

സ്ഥലം: കറ്റാനം